(ബി) ഡെപ്യൂട്ടി തഹസിൽദാർ നിയമനത്തിന് താഴെപറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

1. എസ്സ്.എസ്സ്.എൽ.സി. യിൽ കുറയാത്ത വിദ്യാഭ്യാസയോഗ്യത.

2. റവന്യൂ ടെസ്റ്റ് (തിരുവിതാംകൂർ) അഥവാ (കൊച്ചി) അഥവാ മലബാർ.

3. അക്കൗണ്ട് ടെസ്റ്റ് ലോവർ അഥവാ സബോർഡിനേറ്റ് ഉദ്യോഗ സ്ഥർക്കുള്ള മദ്രാസ് അക്കൗണ്ട് ടെസ്റ്റിന്റെ ഒന്നാംഭാഗം.

4. ജില്ലാ ഓഫീസേഴ്സ് മാന്വൽ ടെസ്റ്റ്.

5. എൽ.ഡി. ക്ലാർക്കിൽ കുറയാത്ത തസ്തികയിൽ 6 വർഷത്തെ തൃപ്തികരമായ സേവനം അതിൽ കുറഞ്ഞത് 2 വർഷമെങ്കിലും യു.ഡി. ക്ലാർക്ക് തസ്തികയിലെ സേവനമായിരിക്കണം.

(സി) ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റ്/ഫർക്ക റവന്യൂ ഇൻസ് പെക്ടർ/സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ/യു.ഡി. ക്ലാർക്ക്/വില്ലേജ് ഓഫീ സർ എന്നിവയാണ്.

(ഡി) 10-9-84 വരെ യു.ഡി. ക്ലാർക്ക്/വില്ലേജ് ഓഫീസർ ആയിട്ടുള്ള വർക്കും 15-9-85 നകം യു.ഡി.സി/വില്ലേജ് ഓഫീസർ തീയതി ലഭിച്ചിട്ടുള്ള വർക്കും 1-11-98 ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തീയതി കണക്കാക്കി 11-11-99-ന് ഡെപ്യൂട്ടി തഹസിൽദാർ പ്രമോഷൻ നൽകിയിട്ടുണ്ട്.

14-9-99-ലെ ഒ.പി.നമ്പർ 22276/99-ലെ ഹൈക്കോടതി ഉത്തരവനുസ രിച്ചു 10-7-84-ന് തുടർന്നുവന്നിരുന്ന തസ്തിക കണക്കാക്കി പ്രമോഷൻ നട ത്തിയിരിക്കുന്നതിനാൽ ആറ് വർഷം സർവ്വീസ് വ്യവസ്ഥ ബാധകമാകുന്നില്ല.

(ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 14-9-99-ലെ ഒ.പി. 22276/99-ലെ ഉത്തരവ് പ്രകാരം 10-9-84-ന് യഥാർത്ഥത്തിൽ തുടരുന്ന തസ്തിക അതായത് യു.ഡി. ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ, എൽ.ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് എന്നിവയിൽ ഏതിലാണോ എന്ന അടിസ്ഥാനത്തിൽ തുടർന്നുള്ള പ്രമോഷനുകൾ നൽകി വരുന്നുണ്ട്.

(എഫ്) 4-9-92-ലെ സർക്കാർ ഉത്തരവ് എം.എസ്.നമ്പർ.360/92 റവന്യൂവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെയും തുടർന്നുള്ള ഹൈക്കോടതി ഉത്തര വുകളുടെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ജി) കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ.162/91-ലെ വിധിയുടെയും തുടർന്നുള്ള കോടതി വിധികളുടെയും അടിസ്ഥാനത്തിൽ വില്ലേജ് ജീവനക്കാർക്ക് പ്രമോഷനിൽ അവസരസമത്വം നൽകിവരുന്നുണ്ട്.

90 (2243) റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേക്ക് സംവരണം

<u>ശ്രീ. കെ. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ സംസ്ഥാനതല സീനിയോറിറ്റി എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാ ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1-1-1968 മുതൽ 9-9-84 വരെ ഫർക്ക റവന്യൂ ഇൻസ്പെക്ടർ/ സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിലേക്ക് വില്ലേജ് സ്റ്റാഫിന് സംവരണം ചെയ്ത ഒഴിവുകളുടെ എണ്ണം ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(സി) 10-9-1984-ന് മുമ്പ് ഫർക്ക റവന്യൂ ഇൻസ്പെക്ടർ/സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ വില്ലേജ് സ്റ്റാഫിന് സംവരണം ചെയ്ത ഒഴിവുകളിൽ ഓരോ ജില്ലയിലും നിയമനം ലഭിച്ച വില്ലേജ് ഓഫീസർമാരുടെ പട്ടിക ലഭ്യമാക്കാമോ;

(ഡി) 10-9-1984-ന് മുമ്പ് പ്രൊമോഷന് ആവശ്യമായ യോഗ്യതാപരീക്ഷകൾ പാസ്സായിട്ടുള്ള വില്ലേജ് അസിസ്റ്റന്റുമാരുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഇ) 10-9-1984-ന് മുമ്പ് ടെസ്റ്റ് യോഗ്യതകൾ പാസ്സായിട്ടുള്ള വില്ലേജ് അസിസ്റ്റന്റുമാരിൽ എത്ര പേർക്ക് 1958-ലെ ജനറൽ റൂൾസിലെ റൂൾ 28 (ബി. ബി.ബി)യുടെ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നും വ്യക്തമാക്കുമോ;

(എഫ്) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 28 ബി (i) (vi) പ്രകാരം ടെസ്റ്റ് യോഗ്യതയുള്ള വില്ലേജ് അസിസ്റ്റന്റുമാരെ വില്ലേജ് സ്റ്റാഫിന് സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ ഫർക്ക റവന്യൂ ഇൻസ്പെക്ടർ/സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ പ്രമോഷൻ നൽകി സർവീസ് റഗുലറൈസ് ചെയ്യുമോ;

(ജി) കേരള ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ 162/1991-ന്റെ 6-4-95-ലെ വിധി പ്രകാരം (പാരഗ്രാഫ് 4 എ) വില്ലേജ് ജീവനക്കാർക്ക് പ്രൊമോഷനിൽ അവസര സമത്വം നൽകണമെന്ന ഉത്തരവ് നടപ്പിലാക്കുമോ?

ഉത്തരം

(എ) കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിൽ 1.11.56 മുതൽ മുൻകാല പ്രാബല്യത്തോടെ 8.3.93 ലാണ് സംസ്ഥാനതല സീനിയോറിറ്റി നിലവിൽ വന്നത്.

(ബി)(സി),(ഡി)&(ഇ) സംസ്ഥാന സീനിയോറിറ്റി നടപ്പിലാക്കുന്നതുവരെ ഫർക്ക റവന്യൂ ഇൻസ്പെക്ടർ/സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ തസ്തികകളിലേക്ക് ജില്ലാ കളക്ടർമാർ ആണ് നിയമനങ്ങൾ നടത്തിയിരുന്നത്. അതിനാൽ ഈ വിവരങ്ങൾ ജില്ലകളിൽ നിന്നും ശേഖരിച്ചു മറുപടി നൽകുന്നതാണ്.

(എഫ്) 10-9-84 മുതൽ പ്രാബല്യത്തോടെ വില്ലേജ് റവന്യൂ സംയോജനം നടപ്പിലായതിനെത്തുടർന്ന് വില്ലേജ് ജീവനക്കാർക്കുള്ള റവന്യൂ ഇൻസ്പെക്ടർ/റവന്യൂ സ്പെഷ്യൽ ഇൻസ്പെക്ടർ തസ്തികകളിലെ സംവരണം ഇല്ലാതായി. റവന്യൂ വകുപ്പു പുനഃസംഘടനയെ തുടർന്ന് ഇപ്പോൾ ഫർക്ക/റവന്യൂ ഇൻസ്പെക്ടർ തസ്തിക നിർത്തലാക്കിയിരിക്കുകയാണ്.

(ജി) 10-9-84 മുതൽ മുൻകാല പ്രാബല്യത്തോടെ വില്ലേജ് റവന്യൂ സംയോജനം നടപ്പിലായി. അതിനു മുമ്പ് വില്ലേജ് സർവ്വീസിലുള്ളവരുടെ പ്രമോഷൻ പ്രത്യേകമായിട്ടായിരുന്നു. ടി കാലയളവിൽ വില്ലേജ് ജീവനക്കാർക്ക് പ്രമോഷനിൽ അവസര സമത്വം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly